**കേരളസർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in**

------------------------------------------------------------

**പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2018 ആഗസ്ത് 08 വ്യാഴം**

------------------------------------------------------------

# ഓഗസ്റ്റ് മാസത്തെ റേഷൻ വിതരണം

ആലപ്പുഴ: എ.എ.വൈ. വിഭാഗത്തിൽപ്പെട്ടവർക്ക് ഈ മാസം 30 കിലോ അരിയും അഞ്ചുകിലോ ഗോതമ്പും സൗജന്യമായി ലഭിക്കുമെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. മുൻഗണന വിഭാഗത്തിൽപെട്ട കാർഡുകളിലെ ഓരോ അംഗത്തിനും നാലുകിലോ അരിയും ഒരു കിലോ ഗോതമ്പും ഒരു രൂപ നിരക്കിൽ ലഭിക്കും.

പൊതുവിഭാഗം സബ്സിഡി വിഭാഗക്കാർക്ക് കിലോയ്ക്ക് മൂന്നു രൂപ നിരക്കിൽ ഓരോ അംഗത്തിനും രണ്ട് കിലോ അരിയും കാർഡൊന്നിന് മൂന്നുകിലോ ആട്ട 16 രൂപ നിരക്കിലും ലഭിക്കും. പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് ആറു കിലോ ഭക്ഷ്യധാന്യം കിലോയ്ക്ക് 9.90 രൂപ നിരക്കിലും കിലോയ്ക്ക് 16 രൂപ നിരക്കിൽ മൂന്നു കിലോഗ്രാം ആട്ടയും ലഭിക്കും. വൈദ്യുതീകരിച്ച വീടുള്ള കാർഡുടമകൾക്ക് ഒരുലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ളവർക്ക് നാലു ലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 28 രൂപ നിരക്കിൽ ലഭിക്കും. എ.എ.വൈ കാർഡുടമകൾക്ക് 21 രൂപ നിരക്കിലും മറ്റ് വിഭാഗം കാർഡുടമകൾക്ക് 22 രൂപ നിരക്കിൽ ഒരു കിലോഗ്രാം പഞ്ചസാര ഓണത്തോടനുബന്ധിച്ച് ലഭിക്കും. പൊതുജനങ്ങൾക്ക് സംശയവും പരാതികളും ഉണ്ടെങ്കിൽ താഴെ പറയുന്ന താലൂക്ക് സപ്ലൈ ഓഫീസുകളുമായി ബന്ധപ്പെടുക. ചേർത്തല: 0478-2823058, അമ്പലപ്പുഴ: 0477-2252547, കുട്ടനാട്: 0477-2702352, കാർത്തികപ്പള്ളി: 0479-2412751, മാവേലിക്കര: 0479-2303231, ചെങ്ങന്നൂർ: 0479-2452276, ആലപ്പുഴ:0477-2251674.

(പി.എൻ.എ. 2236/2018)

# പുന്നപ്ര എൻജിനീയറിങ് കോളജിൽ ലാബ് അസിസ്റ്റന്റ് നിയമനം

ആലപ്പുഴ: പുന്നപ്ര കോളജ് ഓഫ് എൻജിനീയറിങ് ആൻഡ് മാനേജ്മെന്റിൽ അപ്ലയിഡ് സയൻസ് വകുപ്പിൽ ലാബ് അസിസ്റ്റന്റ് (ഫിസിക്സ്, കെമിസ്ട്രി) തസ്തികയിലേക്കും കോളജ് ലൈബ്രറിയിൽ അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തകിയലേക്കും ഒരോ ഒഴിവിലേക്ക് താത്കാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതിന്

അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ്ടു സയൻസും ബി.എൽ.ഐ.സിയും അപേക്ഷകൾ ഇമെയിലായി careers.cemp@gmail.com എന്ന വിലാസത്തിൽ ഓഗസ്റ്റ് 13 വൈകിട്ട് നാലിനകം നൽകണം. ഓഗസ്റ്റ് 14ൽ രാവിലെ 10ന് കോളജിൽ എഴുത്തുപരീക്ഷയും കൂടിക്കാഴ്ചയും ഉണ്ടായിരിക്കും. വിശദവിവരങ്ങൾക്ക് ഫോൺ: 0477 2267311, 2266711.

(പി.എൻ.എ. 2237/2018)

## അധ്യാപക ഒഴിവ്

ആലപ്പുഴ: ഗവ. മുഹമ്മദൻസ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ, പൊളിറ്റിക്കൽ സയൻസ് വിഷയങ്ങൾക്ക് ജൂനിയർ അധ്യാപക തസ്തികയിൽ താത്കാലിക ഒഴിവുണ്ട്. 16ന് രാവിലെ 11ന് പ്രിൻസിപ്പലിന്റെ ഓഫീസിൽ എത്തണം.ഫോൺ: 9446435354.

(പി.എൻ.എ. 2238/2018)

## കക്കി ഡാം തുറന്നു : ജാഗ്രത പാലിക്കണം താലൂക്കുകളിൽ കൺട്രോൾ റൂമുകൾ തുറന്നു

ആലപ്പുഴ: പത്തനതിട്ട ജില്ലയിലെ കക്കി ഡാം തുറന്ന സാഹചര്യത്തിൽ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിലെ വീയപുരം, ചെറുതന, പള്ളിപ്പാട്, കരുവാറ്റ, ചേപ്പാട്, തൃക്കുന്നപ്പുഴ, കുമാരപുരം വില്ലേജുകളിലും കുട്ടനാട് താലൂക്കിലെ തകഴി, പുളിങ്കുന്ന്, കൈനകരി, എടത്വ,തലവടി, നിരണം. ചമ്പക്കുളം, രാമങ്കരി, മുട്ടാർ, നെടുമ്പ്രം, കടപ്ര, ചെങ്ങന്നൂർ താലൂക്കിന്റെ കീഴിൽ വരുന്ന എടനാട്, മുണ്ടങ്കാവ്, മംഗലം എന്നീ സ്ഥലങ്ങളിലും പാണ്ടനാട്, തിരുവൻവണ്ടൂർ, കരട്ടിശ്ശേരി, മാന്നാർ എന്നീ വില്ലേജുകളിലും ജലനിരപ്പ് ഉയരുവാൻ സാധ്യതയുള്ളതായി കളക്ട്രേറ്റിൽ അടിയന്തിരമായി ചേർന്ന ജില്ലാ ദുരന്ത നിവാരണ അതോറിട്ടി യോഗം വിലയിരുത്തി. ഈ പ്രദേശങ്ങളിലെ നിവാസികൾ ജാഗ്രത പാലിക്കണമെന്ന് ജില്ലദുരന്തനിവാരണ അതോറിറ്റി ചെയർമാനായ ജില്ല കളക്ടർ അറിയിച്ചു. എല്ലാ വകുപ്പുകളും സജ്ജമായിരിക്കാൻ കളക്ടർ നിർദ്ദേശം നൽകി. പകർച്ച വ്യാധികൾ പിടിക്കാതിരിക്കാൻ ആവശ്യമായ മരുന്നുകൾ എല്ലാം ശേഖരിച്ച് വയ്ക്കാൻ ആരോഗ്യ വകുപ്പിന് നിർദ്ദേശം നൽകി.

ജില്ലയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറന്നു. നമ്പരുകൾ ഇനിപ്പറയുന്നു: കളക്ട്രേറ്റ്- 0477-2238630,അമ്പലപ്പുഴ- 0477-2253771, ചേർത്തല- 0478-2813103, കാർത്തികപ്പള്ളി- 0479-2412797, കുട്ടനാട്- 0477- 2702221, മാവേലിക്കര- 0479-2302216, ചെങ്ങന്നൂർ- 0479-2452334.

(പി.എൻ.എ. 2239/2018)

## കുട്ടനാടിന് വിമുക്തഭടന്മാരുടെ കൈത്താങ്ങ്

ആലപ്പുഴ: കുട്ടനാട് ദുരിതാശ്വാസ നിവാരണത്തിനായി കേരള സ്റ്റേറ്റ് എക്സ് സർവ്വീസസ് ലീഗ് ആലപ്പുഴ ജില്ല കൈകോർക്കുന്നു. ഈ സംരംഭത്തിലേക്ക് ജില്ല കമ്മറ്റിയുടെ നേതൃത്വത്തിൽ ഒരു ലക്ഷം രൂപയ്ക്കുള്ള ഡി.ഡി ജില്ല കളക്ടർക്ക് കെ.എസ്.ഇ.എസ്.എൽ ആലപ്പുഴ ജില്ല പ്രസിഡന്റ് പി.മാധവക്കുറുപ്പ് കൈമാറി. ചടങ്ങിൽ സെക്രട്ടറി പി. ശ്രീധരൻനായർ, ട്രഷറർ സി.എസ്.ഉണ്ണിത്താൻ, എൻ.എസ്. പണിക്കർ, കെ.ബി.പ്രസാദ്, കുഞ്ഞുമോൻ, വിജയൻപിള്ള, ടി.ആർ.ആസാദ് എന്നിവർ സന്നിഹിതരായി.

(പി.എൻ.എ. 2240/2018)

## പി.ജി.ഡി.സി.എ., ഡി.സി.എ. കോഴ്സ്: അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ അടൂർ സബ് സെന്ററിൽ ആരംഭിക്കുന്ന കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ബിരുദം നേടിയവർക്കായി ഒരു വർഷത്തെ പി.ജി.ഡി.സി.എ., പ്ലസ്ടു/ഡിപ്ലോമ പാസായവർക്കായി ആറു മാസത്തെ ഡി.സി.എ.(എസ്), എസ്.എസ്.എൽ.സി. പാസായവർക്കായി ഒരു വർഷത്തെ ഡി.സി.എ. എന്നീ കോഴ്സുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. എസ്.സി/ എസ്.റ്റി./ ഒ.ഇ.സി. വിദ്യാർത്ഥികൾ ഫീസ് അടയ്ക്കേണ്ട. വിശദവിവരത്തിന് എൽ.ബി.എസ്. സബ് സെന്ററുമായി ബന്ധപ്പെടുക. ഫോൺ: 9947123177.

(പി.എൻ.എ. 2241/2018)

## ഓണം-ബക്രീദ് ഖാദി വിപണനമേള: കൂപ്പൺ വിജയി

ആലപ്പുഴ: ഓണം-ബക്രീദ് ഖാദി വിപണനമേള 2018 നോടനുബന്ധിച്ച് കഴിഞ്ഞദിവസം ജില്ലയിൽ ആഴ്ചതോറുമുള്ള ആദ്യ നറുക്കെടുപ്പിൽ സമ്മാനാർഹമായ കൂപ്പൺ നമ്പർ 625073 ആണ്.

(പി.എൻ.എ. 2242/2018)

## ദേശീയവിരവിമുക്ത ദിനം - ഗുളിക വിതരണം മാറ്റി

ആലപ്പുഴ: സംസ്ഥാനത്തെ പല ജില്ലകളിലും കനത്ത മഴ, പ്രകൃതിദുരന്തംഎന്നീ പ്രതികൂലസാഹചര്യങ്ങൾ നിലനില്ക്കുന്നതിനാൽ, ഓഗസ്റ്റ് 10 ന് സംസ്ഥാനത്തൊട്ടാകെ

നടത്തുവാനിരുന്ന ദേശീയവിരവിമുക്ത ദിനാചരണത്തോടനുബന്ധിച്ചുള്ള ഗുളികവിതരണംമാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്അറിയിക്കും

(പി.എൻ.എ. 2242/2018)

## ഗാന്ധിജിയുടെ 150ാം ജന്മവാർഷികം; ജില്ലയിൽ 150 പ്രഭാഷണങ്ങൾ

ആലപ്പുഴ: ഗാന്ധിജിയുടെ 150-ാം ജന്മവാർഷകത്തിന്റെ ഭാഗമായി ജില്ലയിൽ 150 പ്രഭാഷണ പരമ്പരകൾ സംഘടിപ്പിക്കാൻ കളക്ടറേറ്റിൽ ചേർന്ന ഗാന്ധി സ്മൃതി മണ്ഡപ സമിതിയോഗം തീരുമാനിച്ചു. വരുന്ന സ്വാതന്ത്ര്യദിനാഘോഷപരിപാടികൾക്ക് മുമ്പായി കളക്ടറേറ്റിൽ ഗാന്ധി പ്രതിമയുടെ പരിസരം വൃത്തിയാക്കും. സ്വാതന്ത്യദിനത്തിൽ രാവിലെ ഗാന്ധിപ്രതിമയിൽ പുഷ്പാർച്ചന നടക്കും. 150-ാം ജന്മവാർഷികത്തിന്റെ ഭാഗമായി ഗാന്ധി അനുസ്മരണ സമ്മേളനം, പ്രഭാഷണം, സെമിനാർ, ക്വിസ് മത്സരം, ഗാന്ധിയൻ പ്രവർത്തകരെ ആദരിക്കൽ എന്നിവയും ഉണ്ടാകും. ദുരിതശ്വാസ പ്രവർത്തനങ്ങൾക്ക് പരമാവധി സഹായം ചെയ്യാനും തീരുമാനിച്ചു. എം.ഡി.എം.ഐ.അബ്ദുൾസലാം അധ്യക്ഷത വഹിച്ച യോഗത്തിൽ ചുനക്കര ജനാർദ്ദനൻ നായർ, രവി പാലത്തിങ്കൽ, ജില്ല ഇൻഫർമേഷൻ ഓഫീസർ ചന്ദ്രഹാസൻ വടുതല എന്നിവർ പങ്കെടുത്തു.

(പി.എൻ.എ. 2243/2018)

## വള്ളംകളി കമന്ററി മത്സരം മാറ്റി

ആലപ്പുഴ: ഓഗസ്റ്റ് 11ന് നടത്താനിരുന്ന നെഹ്റു ട്രോഫി ജലമേള മാറ്റിവച്ച സാഹചര്യത്തിൽ, പബ്ലിസിറ്റി കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 10ന് ആലപ്പുഴ മുല്ലയ്ക്കൽ ജുവൽ ഹാളിൽ നടത്താനിരുന്ന വള്ളംകളി കമന്ററി മത്സരം മാറ്റിയതായി കൺവീനറായ ജില്ലാ ഇൻഫർമേഷൻ ഓഫീസർ അറിയിച്ചു.പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

(പി.എൻ.എ. 2244/2018)

# കരാർ നിയമനം ഇന്റർവ്യൂ ഓഗസ്റ്റ് 20ന്

ആലപ്പുഴ: ജില്ലയിൽ ചേർത്തല താലൂക്കിൽ 2018-19 വർഷത്തിൽ കൃഷിചെലവ് സർവെയുടെ ഫീൽഡുതല ജോലികൾ ചെയ്യുന്നതിന് നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികളെ ദിവസവേതന- കരാർ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. ഉദ്യോഗാർഥികൾ ഇക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, മാത്തമാറ്റിക്സ്, കൊമേഴ്സ്, ബി.ബി.എ. ബിരുദം ഉള്ളവരായിരിക്കണം. അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഓഗസ്റ്റ് 20ന് രാവിലെ 10.30ന് ജില്ലാ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ മുമ്പാകെ ഇന്റർവ്യൂവിന് ഹാജരാകണം.

(പി.എൻ.എ. 2245/2018)

## അമ്പലപ്പുഴ ബ്ലോക്കിന്റെ സ്നേഹക്കിറ്റ് വിതരണം

അമ്പലപ്പുഴ: കുട്ടനാടിന് കൈത്താങ്ങായി അമ്പലപ്പുഴ ബ്ലോക്കിലെ ജീവനക്കാരും ജനപ്രതിനിധികളും ചേർന്ന് 150 സ്നേഹക്കിറ്റുകൾ വിതരണം ചെയ്തു. സ്നേഹക്കിറ്റ് അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രജിത്ത് കാരിക്കൽ, സെക്രട്ടറി വി.ജെ.ജോസഫ് എന്നിവരിൽ നിന്നും ജില്ലാ കളക്ടർ ഏറ്റുവാങ്ങി .ബ്ലോക്കിലെ 30ഓളം ജീവനക്കാരും ജനപ്രതിനിധികളും മൂന്ന് ദിവസംകൊണ്ട് സമാഹരിച്ച 75000 രൂപ ഉപയോഗിച്ചാണ് സ്നേഹക്കിറ്റ് വിതരണം ചെയ്തത്. ഒരു കിറ്റിൽ ഒരു ബെഡ് ഷീറ്റ്,ഒരു നൈറ്റി,ഒരു ലുങ്കി, ഒരു തോർത്തുമുണ്ട്, ഡെറ്റോൾ സോപ്പ്, മരുന്ന് എന്നിവയാണുള്ളത്.

സ്നേഹക്കിറ്റ് ആലപ്പുഴ മാതാജെട്ടിയിൽ വച്ചാണ് കൈമാറിയത്. ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് മായാദേവി മെമ്പർമാരായ കെ.എം. ജുനൈദ്, മുരളീധരൻ ,പി. സാബു, യു.എം.കബീർ, എ.ആർ.പ്രദീപ് കുമാർ ബ്ലോക്കിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

(പി.എൻ.എ. 2246/2018)

## സപ്ലൈക്കോ ജില്ലാ ഫെയർ 11 മുതൽ

ആലപ്പുഴ: സപ്ലൈക്കോ ഓണം ബക്രീദ് ജില്ലാ ഫെയർ ഉദ്ഘാടനം 11ന് രാവിലെ 9.30ന് ഇ.എം.എസ് സ്റ്റേഡിയത്തിൽ മന്ത്രി ജി.സുധാകരൻ ഉദ്ഘാടനം ചെയ്യും. മന്ത്രി പി.തിലോത്തമൻ അധ്യക്ഷനാകും. 11 മുതൽ 24 വരെ സ്റ്റേഡിയത്തിലാണ് ഫെയർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുഗോപാൽ ആദ്യ വിൽപ്പന നടത്തും.എല്ലാ ദിവസവും രാവിലെ 9.30മുതൽ രാത്രി എട്ടുമണി വരെയാണ് മേള.

(പി.എൻ.എ. 2247/2018)

## തുല്യത ഓൺലൈൻ രജിസ്ട്രേഷൻ ഉദ്ഘാടനം ഇന്ന്

ആലപ്പുഴ: സംസ്ഥാന സാക്ഷരതമിഷനും പൊതുവിദ്യാഭ്യസവകുപ്പും ചേർന്ന് നടത്തുന്ന പത്താംതരം തുല്യത ഓൺലൈൻ രജിസ്ട്രേഷൻ ഉദ്ഘാടനം ഇന്ന് (ഓഗസ്റ്റ് 10) രാവിലെ 10ന് സിവിൽ സ്റ്റേഷനിലെ എൻ.എസ്.എസ് ഹാളിൽ പൊതുമരാമത്ത് രജിസ്ട്രേഷൻ വകുപ്പു മന്ത്രി ജി. സുധാകരൻ നിർവഹിക്കും. സംസ്ഥാന സാക്ഷരതമിഷനും ആർകെവ് വകുപ്പും ചേർന്ന് ജില്ലയിൽ നടത്തിയ ചരിത്രരേഖ സർവെയുടെ റിപ്പോർട്ടും ഇതോടൊപ്പം നടക്കും. ജില്ല പഞ്ചായത്ത് പ്രസിഡന്റ് ജി. വേണുഗോപാൽ അധ്യക്ഷം വഹിക്കും

(പി.എൻ.എ. 2248/2018)

// തുടരും //